(സി) ഇതേപ്പറ്റി അന്വേഷിക്കുമോ;

(ഡി) കയറുല്പന്നങ്ങൾ കയറ്റി അയയ്ക്കുന്നതിനാവശ്യമായ വാഗൺ യഥാസമയം ലഭ്യമാക്കാൻ ആവശ്യപ്പെടുമോ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ):

(എ) ഉണ്ട്.

(ബി) ഉല്പാദകരുടെ മുഴുവൻ വിവരങ്ങൾ ലഭ്യമല്ല. എന്നാൽ ഫോം മാറ്റിംങ്സ് (ഇന്ത്യ) ലിമിറ്റഡിന് വാഗണുകൾ തക്കസമയത്ത് കിട്ടാത്തതിന്റെ ഫലമായി നാളിതുവരെ കുറഞ്ഞത് 24 ലക്ഷം രൂപയുടെ ബിസിനസ് നഷ്ടപ്പെടുവാൻ ഇടയായിട്ടുണ്ട്.

(സി, ഡി) ഇത് ചെയ്യുന്നതാണ്. റയിൽവേ വാഗണുകൾ ലഭ്യമാക്കുന്നതിനു വേണ്ടി തിരുവനന്തപുരം ഡിവിഷണൽ മാനേജർക്കും കേന്ദ്ര റെയിൽവേ മന്ത്രിക്കും കത്തയച്ചിട്ടുണ്ട്.

മുദ്രപത്ര കുംഭകോണം

*24 [234] ശ്രീ. കെ. എൻ. എ. ഖാദർ:
,, ടി. പി. എം. സാഹിർ:
,, വി. കെ. ഇബ്രാഹിംകുഞ്ഞ്:
,, സി. ടി. അഹമ്മദ് അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുദ്രപ്പത്ര കുംഭകോണം പുറത്തുവന്നതിനെത്തുടർന്ന് കേരളത്തിൽ വ്യാജ മുദ്രപ്പത്രങ്ങൾ വിറ്റിരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് നടത്തിയ അന്വേഷണങ്ങളുടെ നിജസ്ഥിതി വ്യക്തമാക്കാമോ?

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ):

(എ, ബി) സി.ബി.ഐ. മുഖാന്തിരം അന്വേഷണം നടത്തണമെന്നാവശ്യപ്പെട്ടുകൊണ്ട് സംസ്ഥാന സർക്കാർ കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന് കത്തയച്ചിട്ടുണ്ട്.

പാൽക്ഷാമം പരിഹരിക്കുവാൻ നടപടി

*25 [235] ശ്രീ. റോഷി അഗസ്റ്റിൻ:
,, തോമസ് ചാഴികാടൻ:
,, കെ. നാരായണക്കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) ഉപഭോക്താക്കൾക്ക് ആവശ്യമായ പാൽ ലഭ്യമാക്കാൻ മിൽമയ്ക്ക് ഇപ്പോൾ കഴിയുന്നുണ്ടോ;

(ബി) ഉപഭോക്താക്കൾക്ക് ആവശ്യമായ പാൽ ലഭ്യമാക്കാൻ എത്ര ലിറ്റർ പാലിന്റെ കുറവാണ് ഇപ്പോൾ ഉള്ളതെന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) നിലവിൽ ഏതൊക്കെ സംസ്ഥാനങ്ങളിൽ നിന്നാണ് പാൽ കേരളത്തിൽ എത്തുന്നത് എന്നറിയിക്കാമോ;

(ഡി) കേരളത്തിൽ പാൽ ഉല്പാദകരിൽനിന്ന് പാൽ കൂടുതലായി വാങ്ങി പാൽക്ഷാമം പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ):

(എ) മിൽമയ്ക്ക് ലഭിക്കുന്ന ഡിമാന്റനുസരിച്ച് പാൽ ലഭ്യമാക്കാൻ മിൽമയ്ക്ക് കഴിയുന്നുണ്ട്.

(ബി) മിൽമയ്ക്ക് കേരളത്തിൽനിന്നും ലഭിക്കുന്ന പാലിനു പുറമേ, പ്രതിദിനം 2.25 ലക്ഷം ലിറ്റർ പാൽ അന്യസംസ്ഥാനങ്ങളിൽനിന്നും മിൽമ വരുത്തുന്നുണ്ട്.

(സി) തമിഴ്നാട്, കർണ്ണാടക എന്നീ സംസ്ഥാനങ്ങളിൽനിന്നും പാൽ കേരളത്തിൽ എത്തുന്നുണ്ട്.

(ഡി) സ്വീകരിക്കുന്നുണ്ട്.

ഗ്രാമീണ മേഖലയിലെ സ്കൂളുകൾക്ക് കളിസ്ഥലങ്ങളുടെ വികസനത്തിനും ഉപകരണങ്ങൾ വാങ്ങുന്നതിനും സ്വീകരിച്ച നടപടി

*26 [236] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണ മേഖലയിൽ പ്രവർത്തിക്കുന്ന സ്കൂളുകൾക്ക് കളിസ്ഥലങ്ങളുടെ വികസനത്തിനും ഉപകരണങ്ങൾ വാങ്ങുന്നതിനുമുള്ള കേന്ദ്ര പദ്ധതിയുടെ നടത്തിപ്പിന് സ്പോർട്ട്സ് ഡയറക്ടറേറ്റ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ബി) സംസ്ഥാനത്തെ ഗ്രാമീണ മേഖലയിൽ പ്രവർത്തിക്കുന്ന സ്കൂളുകളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡമെന്താണെന്ന് വെളിപ്പെടുത്തുമോ;

(സി) എത്ര കോടി രൂപയാണ് കേന്ദ്രം സംസ്ഥാനത്തിന് ഈ ഇനത്തിൽ അനുവദിച്ചിട്ടുള്ളതെന്നും, എത്ര കോടി രൂപ ഈയിനത്തിൽ കേന്ദ്രത്തിൽനിന്നും പ്രതീക്ഷിക്കുന്നതെന്നും വെളിപ്പെടുത്തുമോ;

(ഡി) എത്ര സ്കൂളുകളെയാണ് ഇതിനുവേണ്ടി തെരഞ്ഞെടുത്തിട്ടുള്ളത്?

LIBRARY ARCHIVES Kerala Legislative Assembly